പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി (2014-2016)

## പത്തൊമ്പതാമത് റിപ്പോർട്ട്

(2015 ഡിസംബർ 3-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2009-2011)-യുടെ മൂന്നാമത് റിപ്പോർട്ടിലെ (പെരിയാർ മലിനീകരണം സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട്) ശിപാർശകളിന്മേൽ/ നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

## പത്തൊമ്പതാമത് റിപ്പോർട്ട്

(2015 ഡിസംബർ 3-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2009-2011)-യുടെ മൂന്നാമത് റിപ്പോർട്ടിലെ (പെരിയാർ മലിനീകരണം സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട്) ശിപാർശകളിന്മേൽ/ നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**

70/2016.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| അദ്ധ്യായം I : റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II : സമിതിയുടെ ശിപാർശകൾ, അതിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിശദാംശം | .. | 2 |

# പരിസ്ഥിതി സംബന്ധിച്ച സമിതി (2014-2016)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. സി. പി. മുഹമ്മദ്

അംഗങ്ങൾ :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

ശ്രീ. എ. എം. ആരിഫ്

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. കെ. എം. ഷാജി

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

ശ്രീ. പി. സി. വിഷ്ണുനാഥ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ജി. മാത്യൂക്കുട്ടി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

# മുഖവുര

പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം പത്തൊമ്പതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2015 നവംബർ മാസം 25-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

സി. പി. മുഹമ്മദ്,

*അദ്ധ്യക്ഷൻ,*

*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,

2015 നവംബർ 25.

# റിപ്പോർട്ട്

## അദ്ധ്യായം I

എറണാകുളം ജില്ലയിലെ പ്രധാന കുടിവെള്ള സ്രോതസ്സായ പെരിയാറിന്റെ മലിനീകരണം സംബന്ധിച്ച് സമിതിക്ക് നിരവധി പരാതികൾ ലഭിച്ചിരുന്നു. പെരിയാറിന്റെ തീരപ്രദേശങ്ങളിൽ പ്രവർത്തിച്ചുവരുന്ന വ്യവസായശാലകൾ പെരിയാറിന്റെ മലിനീകരണത്തിൽ ആശാങ്കജനകമായ പങ്ക് വഹിക്കുന്നു. പെരിയാർ മലിനീകരണം പെരിയാറിന്റെ നിറം മാറുന്നതിനും മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തു പൊങ്ങുന്നതിനും ഇടയാക്കുന്നു. പെരിയാറിലെ മാലിന്യ നിക്ഷേപ പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരമുണ്ടാക്കണം എന്ന ഉദ്ദേശ്യത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരുമായി സമിതി നടത്തിയ ചർച്ചകളുടെയും വിശദമായ പഠനത്തിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് 2008 മാർച്ച് 18-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ ആകെ മൂന്ന് ശിപാർശകളാണ് ഉണ്ടായിരുന്നത്.

2. പെരിയാർ മലിനീകരണം സംബന്ധിച്ച് സമിതി 25-7-2007-ന് ഒരു റിപ്പോർട്ട് സഭയിൽ സമർപ്പിച്ചിരുന്നു. എന്നാൽ മലിനീകരണത്തിന് ശാശ്വത പരിഹാരം ആയിട്ടില്ലെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിലാണ് അതേ വിഷയത്തിൽ സമിതി വീണ്ടും റിപ്പോർട്ട് സമർപ്പിച്ചത്. പ്രസ്തുത റിപ്പോർട്ട് അടിയന്തരനടപടി സ്വീകരിക്കുന്നതിനായി 25-3-2008-ൽ പരിസ്ഥിതി, കൃഷി, വനം-വന്യജീവി, ആഭ്യന്തരം, ജലവിഭവം, ഊർജ്ജം എന്നീ വകുപ്പുകളിലേക്ക് അയച്ചുകൊടുത്തു. റിപ്പോർട്ടിലെ ശിപാർശകൾ ഒന്നുംതന്നെ ഊർജ്ജ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടവയല്ലാ എന്നുള്ള വിവരം 12-8-2008-ലെ 5325/ബി3/08/പ.വ. നമ്പർ കത്തിലൂടെ പ്രസ്തുത വകുപ്പ് സമിതിയെ അറിയിക്കുകയുണ്ടായി.

റിപ്പോർട്ടിലെ ഒന്നാമത് ശിപാർശയ്ക്ക് പരിസ്ഥിതി വകുപ്പും, ഒന്നും രണ്ടും മൂന്നും ശിപാർശകൾക്ക് റവന്യൂ വകുപ്പും ലഭ്യമാക്കിയ മറുപടി പരിഗണിച്ച സമിതി 4-2-2008-ൽ രൂപീകരിച്ചതും വിദഗ്ദ്ധർ ഉൾപ്പെടുന്നതുമായ പഠനസംഘത്തിന്റെ 19-7-2008-ലെ യോഗതീരുമാനങ്ങൾ എന്തെല്ലാമായിരുന്നുവെന്നും പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോയെന്നുമുള്ള വിവരവും, മേൽപഠനസംഘത്തിന്റെ ഇപ്പോഴത്തെ അവസ്ഥയും സംബന്ധിച്ച വിശദവിവരം പരിസ്ഥിതി വകുപ്പിനോട് ആരായുകയുണ്ടായി.

സമിതിയുടെ ശിപാർശകൾക്കും ആവശ്യപ്പെട്ട അധിക വിവരങ്ങൾക്കും വിവിധ വകുപ്പുകൾ ലഭ്യമാക്കിയ മറുപടികൾ സമിതിയുടെ വിവിധയോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തിരുന്നു. ഇതു സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

സമിതിയുടെ ശിപാർശകൾ, അതിൻമേൽ സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ രണ്ടാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

അദ്ധ്യായം II

## സമിതിയുടെ ശിപാർകൾ, അതിൻമേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിശദാംശം

ശിപാർശ 1

പെരിയാറിൽ, പ്രത്യേകിച്ച് ആലുവ വ്യവസായ മേഖലയിലായി ഇടയ്ക്കിടയ്ക്ക് പ്രത്യക്ഷപ്പെടുന്ന നിറംമാറ്റമെന്ന പ്രതിഭാസത്തിന്റെ യഥാർത്ഥ കാരണം കണ്ടെത്തുന്നതിനും അത് പൂർണ്ണമായി ഇല്ലാതാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി ഇതുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ വൈദഗ്ദ്ധ്യം ലഭിച്ച വിദഗ്ദ്ധരുൾപ്പെടുന്ന ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ച് അന്വേഷണം നടത്തിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

### റവന്യൂ (പി) വകുപ്പ്

ഗവൺമെന്റ് കത്ത് നമ്പർ 6110/പി3/08/റവന്യൂ തീയതി 3-12-2008

പെരിയാറിലെ അനധികൃത ഡ്രെഡ്ജിംഗ്/മണൽഖനനം കാരണം ജലത്തിന് നിറമാറ്റം ഉണ്ടാകുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് സമിതി പരിശോധിച്ചു. അനിയന്ത്രിതമായ മണൽഖനനം നിമിത്തമോ ഡ്രെഡ്ജിംഗ് നടത്തുന്നതുമൂലമോ പെരിയാറിന്റെ അടിത്തട്ടിൽ അടിഞ്ഞുകിടക്കുന്ന മാലിന്യങ്ങൾ ഇളകാനും തുടർന്ന് നിറവ്യത്യാസം ഉണ്ടാകാനും സാദ്ധ്യതയുള്ളതായി കണ്ടു. ഈ സാഹചര്യത്തിൽ അനിയന്ത്രിതമായ ഖനനം, ഡ്രെഡ്ജിംഗ് ഇവ തടയുന്നതിന് ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരടങ്ങുന്ന സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്.

(23-9-2009-ലെ സമിതി യോഗം അംഗീകരിച്ചു.)

### പരിസ്ഥിതി (എ) വകുപ്പ്

ഗവൺമെന്റ് കത്ത് നമ്പർ 16690/എ 3/06/പരി. തീയതി 23-5-2009

പെരിയാറിൽ ഇടയ്ക്കിടെ ഉണ്ടാകുന്ന നിറംമാറ്റത്തെക്കുറിച്ച് അന്വേഷണം നടത്താൻ വിവിധ മേഖലയിലുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തി താഴെ പറയുന്ന ഒരു സംഘം 4-2-2008-ൽ രൂപീകരിച്ചു:

(1) മെമ്പർ സെക്രട്ടറി, മലിനീകരണനിയന്ത്രണ ബോർഡ്

(2) ഡോ. അജയ്കുമാർ വർമ്മ, സയന്റിസ്റ്റ്, സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്

(3) കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആന്റ് എൻവയോൺമെന്റ് വൈസ് ചെയർമാന്റെ പ്രതിനിധി

(4) ശ്രീ. ജയകുമാർ, സയന്റിസ്റ്റ്, സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ്

(5) സയന്റിസ്റ്റ്, സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

(6) ജലസേചന വകുപ്പിന്റെ പ്രതിനിധി

(7) ഡോ. എസ്. എൻ. ജ്യോതി, കെമിക്കൽ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് മേധാവി, ടി. കെ. എം. കോളേജ്, കൊല്ലം

(8) കേരള വാട്ടർ അതോറിറ്റിയുടെ പ്രതിനിധി പഠനസംഘത്തിന്റെ കൺവീനർ മലിനീകരണനിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറിയാണ്. 19-7-2008-ൽ സംഘം ആദ്യയോഗം കൂടി സ്ഥിതിഗതികൾ വിലയിരുത്തിയതായും യോഗത്തിൽ എടുത്ത തീരുമാനങ്ങൾ നടപ്പാക്കി വരുന്നതായും മലിനീകരണനിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>സമിതി ആവശ്യപ്പെട്ട അധികവിവരം</u>

23-9-2009-ലെ സമിതി യോഗം മേല്പറഞ്ഞ മറുപടി പരിഗണിക്കുകയും 4-2-2008-ൽ രൂപീകരിച്ച വിദഗ്ദ്ധൻ അടങ്ങുന്ന പഠനസംഘത്തിന്റെ 19-7-2008-ലെ യോഗ തീരുമാനങ്ങൾ എന്തെല്ലാമായിരുന്നെന്നും പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ എന്നും എങ്കിൽ പ്രസ്തുത പഠനത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയും സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ പരിസ്ഥിതി വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തു.

<u>പരിസ്ഥിതി വകുപ്പിന്റെ മറുപടി</u>

<u>ഗവൺമെന്റ് കത്ത് നമ്പർ720/എ 3/14/പരി. തീയതി 25-8-2014</u>

പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ 2006-2009-ലെ 3-ാമത് റിപ്പോർട്ടിലെ 1-ാം നമ്പർ ശിപാർശ പ്രകാരം രൂപീകരിച്ച വിദഗ്ദ്ധ സമിതിയുടെ പ്രവർത്തനങ്ങളും കണ്ടെത്തലുകളും സംബന്ധിച്ച് 6-11-2009-ലെ 400/പരിസ്ഥിതി3/2008/ലെജി. നമ്പർ കത്ത് പ്രകാരം അധിക വിവരങ്ങൾ ആരാഞ്ഞിരുന്നു. വിദഗ്ദ്ധ സമിതിയുടെ കണ്ടെത്തലുകളും പ്രവർത്തന രീതിയും സംബന്ധിച്ച വിശദവിവരങ്ങളാണ് ആവശ്യപ്പെട്ടിരുന്നത്. ഇക്കാര്യത്തിൽ മലിനീകരണനിയന്ത്രണ ബോർഡിൽ നിന്ന് ലഭിച്ച പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

പെരിയാറിൽ ഇടയ്ക്കിടെ ഉണ്ടാകുന്ന നിറമാറ്റത്തെക്കുറിച്ച് അന്വേഷണം നടത്താൻ 4-2-2008-ൽ രൂപീകരിച്ച വിദഗ്ദ്ധ സമിതി 19-7-2008-ൽ ആദ്യയോഗം കൂടി സ്ഥിതിഗതികൾ വിലയിരുത്തി.

സമിതിയുടെ പ്രസ്തുത യോഗതീരുമാനപ്രകാരം ഏലൂർ-എടയാർ മേഖലയുടെ സോഷ്യോളജിക്കൽ സർവ്വേ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്, കളമശ്ശേരി മുഖേന ബോർഡ് നടത്തി. ആ സർവ്വേ റിപ്പോർട്ടും 21-7-2008-ൽ പെരിയാറിൽ നിറവ്യത്യാസമുണ്ടായപ്പോൾ ശേഖരിച്ച സെഡിമെന്റ് സാമ്പിളിന്റെ പരിശോധനാ റിപ്പോർട്ടും വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശങ്ങൾക്കായി സമർപ്പിച്ചിരുന്നു.

രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസിന്റെ പഠന റിപ്പോർട്ട് അനുസരിച്ച് പെരിയാറിന്റെ മലിനീകരണത്തിനുകാരണം ഗാർഹിക മാലിന്യങ്ങൾ, ചെറുകിട കച്ചവടസ്ഥാപനങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ, സെപ്റ്റേജ് എന്നിവ നദിയിലെക്കൊഴുക്കുന്നതും ഉത്തുംഗ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ശേഷമുള്ള അവശിഷ്ടങ്ങൾ നദിയിൽ നിക്ഷേപിക്കുന്നതും സമീപത്തുള്ള വീടുകളിലെ ശൗചാലയങ്ങളുടെ ഔട്ട്ലെറ്റ് നദിയിലേക്ക് ബന്ധിപ്പിച്ചിരിക്കുന്നതും മുതലായവയാണ്. എന്നാൽ തുടർന്നുള്ള കാലയളവിൽ പെരിയാറിന്റെ നിറവ്യത്യാസം വളരെ അപൂർവ്വമായേ ഉണ്ടായിട്ടുള്ളൂ. കഴിഞ്ഞ വർഷം പെരിയാറ്റിൽ നിറം മാറ്റം തുടങ്ങിയ പ്രശ്നങ്ങൾ ഉണ്ടായിട്ടില്ല. 2012 മേയ് മാസം ഉണ്ടായ മത്സ്യനാശം പെരിയാറിന്റെ പ്രധാന ശാഖയിൽ നിർമ്മിച്ചിരുന്ന പുറപ്പള്ളിക്കാവ് താൽക്കാലിക മണൽ ബണ്ട് മൺസൂൺ തുടങ്ങുന്നതിനു മുമ്പ് 2012 ഏപ്രിൽ 28-ന് വേനൽ മഴയിൽ തകർന്നതുമൂലം ഏലൂർ-മുട്ടാർ ശാഖകളിൽ വെള്ളമൊഴുക്ക് കുറഞ്ഞതിനാലും ഈ രണ്ട് കൈവഴികളിലും ഉണ്ടായിരുന്ന ബണ്ട്/റെഗുലേറ്റർ ഇവമൂലം വെള്ളം കെട്ടിക്കിടക്കാനിടയായതുകൊണ്ടും Dissolved Oxygen കുറഞ്ഞത് നിമിത്തവുമായിരുന്നു. മത്സ്യങ്ങൾ ചത്തുപൊങ്ങിയത്. വ്യാവസായിക മാലിന്യം പുറന്തള്ളുന്നത് upstream-ൽ താൽക്കാലിക ബണ്ടിനും മേൽഭാഗത്തായിരുന്നു. മാത്രവുമല്ല യാതൊരുവിധ വ്യവസായ/ രാസപദാർത്ഥങ്ങളുടെ സാന്നിദ്ധ്യവും ദിവസേനയുള്ള ജലപരിശോധനയിൽ കണ്ടെത്തിയിട്ടുമില്ല. ഇതിനെത്തുടർന്ന് ടി കൈവഴികളിൽ കൂടിയുള്ള ഒഴുക്ക് വർദ്ധിപ്പിക്കുന്നതിനായി ഇറിഗേഷൻ വകുപ്പ്, ജില്ലാ കളക്ടർ എന്നിവരുമായി ബന്ധപ്പെട്ട് നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ബോർഡിന്റെ നിരന്തരമായ നിർദ്ദേശങ്ങളുടെ ഫലമായി ഏലൂർ പാതാളത്ത് കുടിവെള്ള സ്രോതസ്സിൽ/വ്യാവസായിക ആവശ്യത്തിനായി എടുക്കുന്ന വെള്ളത്തിൽ ഓരുവെള്ളം കയറാതിരിക്കുവാൻ വർഷംതോറും താൽക്കാലിക ബണ്ട് നിർമ്മിക്കുന്ന സ്ഥലത്ത് സ്ഥിരം റെഗുലേറ്റർ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ശ്രീശക്തി പേപ്പർ മിൽ, മെർക്കം ലിമിറ്റഡ് (എടയാർ യൂണിറ്റ്) എന്നീ വ്യവസായശാലകളിൽ നിന്നുള്ള സംസ്കരിച്ച പാഴ്ജലം താൽക്കാലിക ബണ്ടിന് മുകളിലാണ് നിർമ്മാർജ്ജനം ചെയ്യുന്നത്. സ്ഥിരം റെഗുലേറ്ററുകൾ സ്ഥാപിച്ചു കഴിഞ്ഞാൽ ഈ റെഗുലേറ്ററിന്റെ കീഴ്ഭാഗത്ത് (down stream) മാത്രമേ സംസ്കരിച്ച പാഴ്ജലം നിർമ്മാർജ്ജനം ചെയ്യുവാൻ പാടുള്ളൂ എന്ന് കമ്പനി അധികൃതർക്ക് ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത വിവരം ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിനെ അറിയിച്ചിട്ടുണ്ട്.

മേല്പറഞ്ഞ തരത്തിലുള്ള ബോർഡിന്റെ പ്രവർത്തനങ്ങൾ നിമിത്തം പെരിയാർ നദിയിലെ ജലത്തിന്റെ ഗുണനിലവാരം മോശമാകാതെ നിലനിർത്താൻ സാധിക്കുന്നുണ്ട്.

27-8-2014-ലെ സമിതി യോഗം മേല്പറഞ്ഞ അധിക വിവരം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**പൊതുമരാമത്ത് (ജി) വകുപ്പ്**

ഗവൺമെന്റ് കത്ത് നമ്പർ 8948/ജി2/08/പൊ.മ.വ. തീയതി 3-3-2012

പരിസ്ഥിതി സമിതി (2006-2009) 3-ാം റിപ്പോർട്ടിൽ പെരിയാറിൽ പാതാളം പാലത്തിന് താഴെ മുതൽ വെട്ടുകടവ് വരെയുള്ള ഭാഗത്ത് 2007 ഡിസംബറിൽ ജലത്തിന് നിറവ്യത്യാസം കാണപ്പെട്ടുവെന്നും, അത് റോഡ് നിർമ്മാണത്തിലെ എന്തെങ്കിലും പ്രത്യേകത കൊണ്ടാണോയെന്നും റിപ്പോർട്ട് ചെയ്യുവാൻ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരുന്നു. പെരിയാറിലേക്ക് മലിനജലം ഒഴുകുന്ന വിധത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ഓടകളൊന്നും നിലവിലില്ലെന്നും FACT പോലെയുള്ള വ്യവസായ സ്ഥാപനങ്ങൾ പ്രസ്തുത പ്രദേശത്ത് സ്ഥിതി ചെയ്യുന്നതിനാൽ പെരിയാറിൽ ഉണ്ടായ നിറവ്യത്യാസത്തിന് കാരണം വ്യവസായ മാലിന്യം മൂലമുണ്ടായതാകാമെന്നും ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരാവുന്നതും, ഇതിന്മേലുള്ള തുടർനടപടികൾ അവസാനിപ്പിക്കുവാൻ അഭ്യർത്ഥിക്കാവുന്നതുമാണ്.

സമിതി ആവശ്യപ്പെട്ട അധികവിവരം

7-8-2012-ന് ചേർന്ന സമിതി യോഗം മേല്പറഞ്ഞ ഗവൺമെന്റ് മറുപടി പരിഗണിക്കുകയും അതൃപ്തി രേഖപ്പെടുത്തുകയും വിശദമായ റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു.

സമിതി ആവശ്യപ്പെട്ട അധികവിവരത്തിനുള്ള മറുപടി

ഗവൺമെന്റ് കത്ത് നമ്പർ 27624/ജി2/12/പൊ.മ.വ. തീയതി 24-10-2013

ഈ വിഷയത്തിന് 3-3-2012-ലെ 8948/സി2/08/പൊ.മ.വ. കത്തു പ്രകാരം "പെരിയാറിലേക്ക് മലിനജലം ഒഴുകുന്ന വിധത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ഓടകളൊന്നും നിലവിലില്ലെന്നും FACT പോലെയുള്ള വ്യവസായ സ്ഥാപനങ്ങൾ പ്രസ്തുത പ്രദേശത്ത് സ്ഥിതി ചെയ്യുന്നതിനാൽ പെരിയാറിൽ ഉണ്ടായ നിറവ്യത്യാസത്തിന് കാരണം വ്യവസായ മാലിന്യംമൂലമുണ്ടായതാകാമെന്നും" സമിതിക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. സമിതി ടി റിപ്പോർട്ട് പരിഗണിക്കുകയും, റിപ്പോർട്ട് തൃപ്തികരമല്ലാത്തതിനാൽ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ നിർദ്ദേശിക്കുകയുമുണ്ടായി.

ആയതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് (നിരത്തുകളും പാലങ്ങളും) ചീഫ് എഞ്ചിനീയറിൽ നിന്നും ലഭ്യമായ റിപ്പോർട്ട് സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു. പെരിയാർ മലിനപ്പെടുത്തുന്ന വിധത്തിൽ പാതാളം പാലത്തിന് സമീപം പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പരിധിയിൽപ്പെട്ട സ്ഥലങ്ങൾ ഇല്ലെന്നും, പെരിയാറിന് കുറുകെയുള്ള പാതാളം പാലത്തിന് സമീപത്ത് പെരിയാറിലേക്ക് മലിന ജലം ഒഴുകത്തക്കരീതിയിൽ യാതൊരുവിധ ഓടകളോ മറ്റ് സംവിധാനങ്ങളോ പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ചിട്ടില്ലെന്നും, ഇത്തരം പുതിയ നിർമ്മാണ പ്രവർത്തനങ്ങളൊന്നും തന്നെ വകുപ്പിന്റെ പരിഗണനയിലില്ലെന്നും, കൂടാതെ പൊതുമരാമത്ത് വകുപ്പിന്റെ ഓടകളിലൂടെ ഒഴുകിയെത്തുന്ന ജലം ഏതെങ്കിലും വിധത്തിലുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിച്ചതായോ പുഴകളോ നദികളോ അവയിലേക്കുള്ള നീരൊഴുക്ക് മലിനപ്പെടുത്തിയതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നും ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഈ വിവരം പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരാവുന്നതും തുടർ നടപടികൾ അവസാനിപ്പിക്കുവാൻ അഭ്യർത്ഥിക്കാവുന്നതുമാണ്.

14-5-2014-ന് ചേർന്ന സമിതി യോഗം മേല്പറഞ്ഞ അധികവിവരം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**ജലവിഭവ (ഐ.ആർ.) വകുപ്പ്**

<u>ഗവൺമെന്റ് കത്ത് നമ്പർ 26897/ഐ.ആർ3/ജ.വി.വ. തീയതി 9-8-2012</u>

പെരിയാറിൽ ഇടയ്ക്കിടെ ഉണ്ടാകുന്ന നിറമാറ്റത്തെക്കുറിച്ച് അന്വേഷണം നടത്താൻ വിവിധ മേഖലയിലുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തി താഴെ പറയുന്ന ഒരു പഠന സംഘം 4-2-2008-ൽ രൂപീകരിച്ചു:

(1) മെമ്പർ സെക്രട്ടറി, മലിനീകരണനിയന്ത്രണ ബോർഡ്

(2) ഡോ. അജയ്കുമാർ വർമ്മ, സയന്റിസ്റ്റ്, സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്

(3) കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആന്റ് എൻവയോൺമെന്റ് വൈസ് ചെയർമാന്റെ പ്രതിനിധി

(4) ശ്രീ. ജയകുമാർ, സയന്റിസ്റ്റ്, സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ്

(5) സയന്റിസ്റ്റ്, സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

(6) ജലസേചന വകുപ്പിന്റെ പ്രതിനിധി

(7) ഡോ. എസ്. എൻ. ജ്യോതി, കെമിക്കൽ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് മേധാവി, ടി.കെ.എം. കോളേജ്, കൊല്ലം.

(8) കേരള വാട്ടർ അതോറിറ്റിയുടെ പ്രതിനിധി പഠന സംഘത്തിന്റെ കൺവീനർ മലിനീകരണനിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറിയാണ്. 19-7-2008-ൽ സംഘം ആദ്യയോഗം കൂടി സ്ഥിതിഗതികൾ വിലയിരുത്തി. യോഗത്തിൽ എടുത്ത തീരുമാനങ്ങൾ നടപ്പാക്കി വരുന്നു.

<u>സമിതി ആവശ്യപ്പെട്ട അധികവിവരം</u>

11-12-2013-ലെ സമിതിയോഗം ജലവിഭവ വകുപ്പിന്റെ മേല്പറഞ്ഞ മറുപടി പരിഗണിക്കുകയും കേരള വാട്ടർ അതോറിറ്റിയുടെ പ്രതിനിധി പഠന സംഘത്തിന്റെ 19-7-2008-ലെ യോഗതീരുമാനങ്ങൾ എന്തൊക്കെയായിരുന്നു എന്നും അവയിന്മേൽ എന്തുനടപടി സ്വീകരിച്ചുവെന്നും ആരായുകയുണ്ടായി.

<u>സമിതി ആവശ്യപ്പെട്ട അധികവിവരത്തിന് ലഭ്യമാക്കിയ മറുപടി</u>

<u>ഗവൺമെന്റ് കത്ത് നമ്പർ 26897/ഐ.ആർ3/07/ജ.വി.വ. തീയതി 18-8-2015</u>

കേരള പരിസ്ഥിതി വകുപ്പാണ് 4-2-2008-ലെ ജി.ഒ. (ആർ ടി.) നമ്പർ 16/08/ പരിസ്ഥിതി പ്രകാരം കേരള മലിനീകരണനിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറിയുടെ നേതൃത്വത്തിൽ പെരിയാർ നദിയുടെ നിറവ്യത്യാസം പഠിക്കുന്നതിന് കമ്മിറ്റിയെ നിയോഗിച്ചത്. ഈ കമ്മിറ്റിയിലെ പ്രതിനിധിയായി കേരള വാട്ടർ അതോറിറ്റി മദ്ധ്യമേഖല ചീഫ് എഞ്ചിനീയറെ നിയോഗിച്ചിരുന്നുവെങ്കിലും അദ്ദേഹം 19-7-2008-ലെ യോഗത്തിൽ പങ്കെടുത്തിരുന്നില്ല. ആയതിനാൽ 19-7-2008-ലെ യോഗതീരുമാനങ്ങൾ എന്തെല്ലാമായിരുന്നുവെന്നും അവയിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കേണ്ടത് സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡായിരുന്നു. എന്നാൽ 9-8-2012-ലെ ഈ വകുപ്പ് നൽകിയ റിപ്പോർട്ടിൽ "കേരള വാട്ടർ അതോറിറ്റിയുടെ പ്രതിനിധി പഠന സംഘം" എന്ന് തെറ്റായാണ് രേഖപ്പെടുത്തിയത്. ഇക്കാര്യത്തിൽ മനഃപൂർവ്വമല്ലാതെയുണ്ടായ തെറ്റ് മാപ്പാക്കണമെന്ന് അപേക്ഷിക്കുന്നതോടൊപ്പം ഇക്കാര്യത്തിൽ മലിനീകരണനിയന്ത്രണ ബോർഡിൽനിന്ന് ഇപ്പോൾ ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു:

19-7-2008-ലെ യോഗതീരുമാന പ്രകാരം ഏലൂർ-എടയാർ മേഖലയുടെ സോഷ്യോളജിക്കൽ സർവ്വേ രാജഗിരി-കോളേജ് ഓഫ് സോഷ്യൽ സയൻസ്, കളമശ്ശേരി മുഖേന ബോർഡ് നടത്തി. ആ സർവ്വേ റിപ്പോർട്ടും 21-7-2008-ൽ പെരിയാറിൽ നിറവ്യത്യാസമുണ്ടായപ്പോൾ ശേഖരിച്ച സെഡിമെന്റ് സാമ്പിളിന്റെ പരിശോധനാ റിപ്പോർട്ടും വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശങ്ങൾക്കായി സമർപ്പിച്ചിരുന്നു. എന്നാൽ സമിതി ഇക്കാര്യത്തിൽ തുടർനടപടികളൊന്നും കൈക്കൊള്ളുകയോ അഭിപ്രായം അറിയിക്കുകയോ ചെയ്തിട്ടില്ല.

ഏലൂർ-എടയാർ മേഖലയിലെ ബോർഡിന്റെ തുടർ പ്രവർത്തനങ്ങൾ താഴെ പറയുംപ്രകാരമാണ് : ബോർഡിന്റെ സർവൈലൻസ് വാൻ ഏലൂർ-എടയാർ മേഖലയിൽ 24 മണിക്കൂറും പട്രോളിംഗ് നടത്തുന്നുണ്ട്. കൂടാതെ പെരിയാറിൽ വെട്ടുകടവ്, പാതാളം ബ്രിഡ്ജ്, പുത്തലത്തുകടവ് എന്നീ മൂന്ന് സ്റ്റേഷനുകളിൽനിന്ന് ദിനംതോറും ജല സാമ്പിളുകൾ ശേഖരിച്ച് ജല ഗുണനിലവാരം വിലയിരുത്തുന്നുണ്ട്.

കൂടാതെ പെരിയാർ നദീജല ഗുണനിലവാരം തുടർച്ചയായി പരിശോധിക്കുന്നതിനായി ഒരു ഓൺലൈൻ മോണിറ്ററിംഗ് സ്റ്റേഷൻ ഏലൂർ ഭാഗത്ത് മേത്താനം കടവിൽ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. ഫലം ഡിസ്പ്ലേ ചെയ്യാനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. പെരിയാറിന്റെ ഇരുകരകളിലും തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ നദി നിരീക്ഷിക്കുന്നതിനായി 8 ക്യാമറകൾ ഘടിപ്പിച്ചിട്ടുണ്ട്. ഇതിലൂടെ പെരിയാറിലേക്ക് ആരെങ്കിലും അനധികൃതമായി മാലിന്യങ്ങൾ നിക്ഷേപിക്കുന്നുണ്ടോയെന്നും സമീപ വ്യവസായശാലകളിൽനിന്ന് അനധികൃത ഔട്ട്ലെറ്റുകൾവഴി അല്ലാതെ മലിനജലം പെരിയാറിലേക്ക് ഒഴുക്കുന്നുണ്ടോയെന്നും നിരീക്ഷിക്കുവാൻ കഴിയുന്നു. കണ്ടിന്യുവസ് മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നതുകൊണ്ട് നദിയുടെ ഭാഗത്ത് അനുവദനീയ പരിധിയിൽ കൂടുതലായുള്ള ജല ഗുണനിലവാരം രേഖപ്പെടുത്തിയാൽ ഉടനെ തന്നെ അതിന്റെ കാരണം ബോർഡുദ്യോഗസ്ഥർക്ക് നിരീക്ഷണവിധേയമാക്കുവാൻ കഴിയുന്നുണ്ട്.

9-8-2011-ന് ശേഷം പെരിയാറിൽ നിറംമാറ്റം ഉണ്ടായതായി ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(അധിക വിവര റിപ്പോർട്ട് 19-8-2015-ന് ചേർന്ന സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 2</u>

പെരിയാർ ജലമലിനീകരണത്തിൽ കുറ്റകരമായ ഗൂഢാലോചന നിലനിൽക്കുന്നുവോ എന്ന് അറിയുന്നതിനായി ഒരു വിദഗ്ധ പോലീസ് ഏജൻസി (സി.ബി.ഐ. പോലെ) യെക്കൊണ്ട് അന്വേഷണം നടത്തിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**റവന്യൂ (പി) വകുപ്പ്**

<u>ഗവൺമെന്റ് കത്ത് നമ്പർ 6110/പി3/08/റവന്യൂ തീയതി 3-12-2008</u>

പെരിയാറിലെ അനധികൃത ഡ്രെഡ്ജിംഗ്/മണൽഖനനം കാരണം ജലത്തിന് നിറംമാറ്റം ഉണ്ടാകുന്നതു സംബന്ധിച്ച് ബന്ധപ്പെട്ട ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് സമിതി പരിശോധിച്ചു. അനിയന്ത്രിതമായ മണൽഖനനം നിമിത്തമോ ഡ്രെഡ്ജിംഗ്

നടത്തുന്നതുമൂലമോ പെരിയാറിന്റെ അടിത്തട്ടിൽ അടിഞ്ഞുകിടക്കുന്ന മാലിന്യങ്ങൾ ഇളകാനും തുടർന്ന് നിറവ്യത്യാസം ഉണ്ടാകാനും സാദ്ധ്യതയുള്ളതായി കണ്ടു. ഈ സാഹചര്യത്തിൽ അനിയന്ത്രിതമായ ഖനനം, ഡ്രെഡ്ജിംഗ് ഇവ തടയുന്നതിന് ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരടങ്ങുന്ന സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്.

(23-9-2009-ലെ സമിതിയോഗം മേല്പറഞ്ഞ ഗവൺമെന്റ് മറുപടി പരിഗണിച്ച് അംഗീകരിച്ചു.)

## ജലവിഭവ (ഐ.ആർ.) വകുപ്പ്

<u>ഗവൺമെന്റ് കത്ത് നമ്പർ 26897/ഐ.ആർ3/07/ജ.വി.വ. തീയതി 12-3-2014</u>

ഈ വിഷയത്തിൽ സി.ബി.ഐ.യെക്കൊണ്ട് അന്വേഷിക്കേണ്ട ആവശ്യമില്ല എന്നും ഗൂഢാലോചന എന്തെങ്കിലുമുണ്ടെങ്കിൽ ലോക്കൽ പോലീസിനെക്കൊണ്ട് അന്വേഷിച്ചാൽ മതിയെന്നും സമിതിയെ അറിയിച്ചുകൊള്ളുന്നു.

(14-5-2014-ലെ സമിതി യോഗം മറുപടി അംഗീകരിച്ചു.)

## ആഭ്യന്തര (എം) വകുപ്പ്

<u>ഗവൺമെന്റ് കത്ത് നമ്പർ 26126/എം3/2008/ആഭ്യന്തരം തീയതി 7-5-2014</u>

കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി (2006-2009), പെരിയാർ മലിനീകരണത്തെ സംബന്ധിച്ച് 18-3-2008-ന് സഭയിൽ സമർപ്പിച്ച മൂന്നാമത് റിപ്പോർട്ടിൽ "പെരിയാർ ജലമലിനീകരണത്തിൽ കുറ്റകരമായ ഗൂഢാലോചന നിലനിൽക്കുന്നുവോയെന്ന് അറിയുന്നതിനായി ഒരു വിദഗ്ദ്ധ പോലീസ് ഏജൻസി (സി.ബി.ഐ.-യെപ്പോലെ) കൊണ്ട് അന്വേഷണം നടത്തിക്കണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത ശിപാർശയിന്മേൽ തീരുമാനമെടുത്ത് അറിയിക്കുവാൻ ജലവിഭവ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു. ഈ വിഷയത്തിൽ സി.ബി.ഐ.യെക്കൊണ്ട് അന്വേഷിക്കേണ്ട ആവശ്യമില്ല എന്നും ഗൂഢാലോചന എന്തെങ്കിലുമുണ്ടെങ്കിൽ ലോക്കൽ പോലീസ് അന്വേഷിച്ചാൽ മതിയെന്നും ജലവിഭവ വകുപ്പ് അഞ്ച് വർഷക്കാലത്തിനുശേഷം അറിയിക്കുകയുണ്ടായി. ജലവിഭവ വകുപ്പിന്റെ ശിപാർശ ആഭ്യന്തര വകുപ്പ് വിശദമായി പരിശോധിക്കുകയും നിയമസഭാ സമിതിയുടെ 2008-ലെ ടി ശിപാർശയ്ക്കുശേഷം പെരിയാർ മലിനീകരണത്തിന്റെ തോത് കുറയ്ക്കുന്നതിനായി മലിനീകരണനിയന്ത്രണ ബോർഡ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും ആലുവ/എടയാർ മേഖലകളിൽ മലിനീകരണത്തിന്റെ അളവിൽ കുറവുണ്ടായിട്ടുണ്ടോ എന്നും നിലവിലെ സ്ഥിതി സംബന്ധിച്ച വിവരവും ഇക്കാര്യത്തിൽ ഒരു വിദഗ്ദ്ധ ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കേണ്ട സാഹചര്യം നിലവിലുണ്ടോ എന്നതും സംബന്ധിച്ചും വ്യക്തമായ റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കാൻ മലിനീകരണനിയന്ത്രണ ബോർഡിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

പരാമർശ വിഷയത്തിൽ സി.ബി.ഐ. അന്വേഷണത്തിന് പ്രസക്തിയില്ലെന്ന് സർക്കാർ വിലയിരുത്തുകയും ഇപ്പോഴത്തെ അവസ്ഥ ലഭ്യമാക്കി ആയത് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതുമാണ് എന്ന് അറിയിക്കുകയും ചെയ്യുന്നു.

(7-8-2014-ലെ സമിതിയോഗം മറുപടി അംഗീകരിച്ചു.)

<u>ആഭ്യന്തര വകുപ്പ് ലഭ്യമാക്കിയ അധികവിവരം</u>

<u>ഗവൺമെന്റ് കത്ത് നമ്പർ 54650/എം3/2014/ആഭ്യന്തരം തീയതി 28-10-2014</u>

7-5-2014 തീയതിയിലെ 26126/എം3/2008 നമ്പർ കത്തുമുഖേന സമർപ്പിച്ച റിപ്പോർട്ടിന് തുടർച്ചയായി, അധികവിവരം ചുവടെ ചേർക്കും പ്രകാരം അറിയിക്കുന്നു:

പെരിയാർ ജലമലിനീകരണത്തിൽ കുറ്റകരമായ ഗൂഢാലോചന നിലനിൽക്കുന്നുവോയെന്ന് അറിയുന്നതിനായി ഒരു വിദഗ്ധ പോലീസ് ഏജൻസിയെ (സി.ബി.ഐ.-യെപ്പോലെ) കൊണ്ട് അന്വേഷണം നടത്തിക്കണമെന്ന ശിപാർശ സർക്കാർ വിശദമായി പരിശോധിക്കുകയും പരാമർശ വിഷയത്തിൽ സി.ബി.ഐ. അന്വേഷണത്തി പ്രസക്തിയില്ലെന്ന് സർക്കാർ വിലയിരുത്തുകയും ചെയ്തിരുന്നു.

പെരിയാർ മലിനീകരണം കുറയ്ക്കുന്നതിനായി മലിനീകരണനിയന്ത്രണ ബോർഡ് സ്വീകരിച്ച നടപടികൾ ചുവടെ വിവരിക്കുന്നു:

പെരിയാർ മലിനീകരണം കുറയ്ക്കുന്നതിന് ഊന്നൽ നൽകി ബോർഡ് ഏലൂരിൽ സർവൈലൻസ് സെന്റർ എന്ന പേരിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഓഫീസ് തുടങ്ങിയിട്ടുണ്ട്. ടി ഓഫീസ് 24 മണിക്കൂറും പ്രവർത്തിച്ച് കർശനമായ പരിശോധനകളും നിർദ്ദേശങ്ങളും നൽകിവരുന്നു. പെരിയാറിൽ 8 സ്ഥലങ്ങളിൽ (കാലടി, KWA intake ആലുവ, SDP ആലുവ, മുപ്പതടം, പാതാളം, കളമശ്ശേരി, പുറപ്പള്ളികടവ്, ഏലൂർ) എന്നിവിടങ്ങളിൽ ബോർഡ് മോണിറ്ററിംഗ് സ്റ്റേഷനുകൾ ഏർപ്പെടുത്തി മാസംതോറും ജലപരിശോധന നടത്തിവരുന്നു. കൂടാതെ ഏലൂർ ഇൻഡസ്ട്രിയൽ ഏരിയയ്ക്ക് സമീപമുള്ള വെട്ടുകടവ്, പാതാളം ബ്രിഡ്ജ്, പുത്തലം കടവ് എന്നീ മൂന്ന് പോയിന്റുകളിൽനിന്ന് ദിവസേന വെള്ളത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തിവരുന്നു.

പെരിയാറിൽ മേത്താനം കടവിൽ ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം നടപ്പാക്കി പരിശോധനാഫലം ഡിസ്പ്ലേ ചെയ്യാനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പെരിയാറിന്റെ ഇരുകരയിലും തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ നദി നിരീക്ഷിക്കുന്നതിനുവേണ്ടി നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിലൂടെ പെരിയാറിലേക്ക് ആരെങ്കിലും അനധികൃതമായി മാലിന്യങ്ങൾ നിക്ഷേപിക്കുന്നുണ്ടോയെന്നും സമീപമുള്ള കമ്പനികളിൽനിന്ന് അനുവദനീയമായ ഡിസ്ചാർജ്ജ് പോയിന്റിൽ കൂടി അല്ലാതെ മലിനജലം പെരിയാറിലേക്ക് ഒഴുക്കുന്നുണ്ടോയെന്ന്

വിലയിരുത്തുവാനും സാധ്യമാകും. കേന്ദ്ര മലിനീകരണനിയന്ത്രണ ബോർഡ് നദീജല ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ പെരിയാർ നദിയുടെ ഈ ഭാഗത്തെ ക്ലാസ്സ്-E വിഭാഗത്തിലാണ് പെടുത്തിയിരിക്കുന്നത്. അതായത് നദിയുടെ ഈ ഭാഗം Irrigation, Industrial Cooling & Controlled Waste Disposal-ന് ഉപയുക്തമാക്കാമെന്നതാണ്. മേൽനടപടികൾ സ്വീകരിച്ചതുമൂലം പെരിയാർ നദിയുടെ ഈ ഭാഗത്തെ ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെട്ടതായാണ് ബോർഡിന്റെ പരിശോധനാഫലങ്ങളിൽനിന്ന് വ്യക്തമാകുന്നത്.

പെരിയാർ മലിനീകരണം കുറയ്ക്കുന്നതിനായി മലിനീകരണനിയന്ത്രണ ബോർഡ് വളരെ കാര്യക്ഷമമായി നടപടികൾ സ്വീകരിച്ചുവരുന്നതിനാലും പെരിയാർ നദിയിലെ ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെട്ടതായി മലിനീകരണനിയന്ത്രണ ബോർഡിന്റെ പരിശോധനകളിൽ നിന്നും വ്യക്തമാകുന്നതിനാലും പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ, സി.ബി.ഐ. അന്വേഷണം വേണമെന്ന ശിപാർശയിന്മേൽ മറ്റ് നടപടികൾ കൈക്കൊള്ളേണ്ടതില്ല എന്ന് സർക്കാർ വിലയിരുത്തുന്നു.

(മേല്പറഞ്ഞ അധികവിവരം 19-11-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 3

പെരിയാർ മലിനീകരണ നിവാരണ പ്രവർത്തനങ്ങൾക്കായി സ്റ്റാറ്റ്യൂട്ടറി അധികാരത്തോടുകൂടിയ പെരിയാർ റിവർ അതോറിറ്റി രൂപീകരിക്കണമെന്ന സമിതിയുടെ മുൻ റിപ്പോർട്ടിലെ ശിപാർശയ്ക്ക് അടിയന്തര പ്രാധാന്യം നൽകി അത് എത്രയും പെട്ടെന്ന് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**റവന്യൂ (പി) വകുപ്പ്**

ഗവൺമെന്റ് കത്ത് നമ്പർ 6110/പി3/2008/റവ. തീയതി 3-12-2008

പെരിയാറിലെ അനധികൃത ഡ്രെഡ്ജിംഗ്/മണൽഖനനം കാരണം ജലത്തിന് നിറംമാറ്റം ഉണ്ടാകുന്നതു സംബന്ധിച്ച് ബന്ധപ്പെട്ട ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് സമിതി പരിശോധിച്ചു. അനിയന്ത്രിതമായ മണൽഖനനം നിമിത്തമോ ഡ്രെഡ്ജിംഗ് നടത്തുന്നതുമൂലമോ പെരിയാറിന്റെ അടിത്തട്ടിൽ അടിഞ്ഞുകിടക്കുന്ന മാലിന്യങ്ങൾ ഇളകാനും തുടർന്ന് നിറവ്യത്യാസം ഉണ്ടാകാനും സാദ്ധ്യതയുള്ളതായി കണ്ടു. ഈ സാഹചര്യത്തിൽ അനിയന്ത്രിതമായ ഖനനം, ഡ്രെഡ്ജിംഗ് ഇവ തടയുന്നതിന് ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരടങ്ങുന്ന സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്.

(23-9-2009-ലെ സമിതിയോഗം അംഗീകരിച്ചു.)

**ജലവിഭവ (ഐ.ആർ.) വകുപ്പ്**

ഗവൺമെന്റ് കത്ത് നമ്പർ 26897/ഐ.ആർ3/2007/ജ.വി.വ. തീയതി 4-8-2014

2003-ലെ ജലസേചന ജലസംരക്ഷണ ആക്ടിൽ ഭേദഗതി വരുത്തി സംസ്ഥാനത്തെ നദികളുടെയും തണ്ണീർത്തടങ്ങളുടെയും സമഗ്രവും സുസ്ഥിരവുമായ സംരക്ഷണം ലക്ഷ്യമിട്ട് 'നദീ-തണ്ണീർത്തട അതോറിറ്റി' രൂപീകരിക്കുന്നതിന് കേരള ഇറിഗേഷൻ & വാട്ടർ കൺസർവേഷൻ (ഭേദഗതി) ബില്ലിൽ വ്യവസ്ഥയുണ്ട്. നദികളിലെ മലിനീകരണം തടയുന്നതിനുള്ള വകുപ്പുകൾ പ്രസ്തുത ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ബിൽ നമ്പർ 184 ആയി ഇത് പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. ആയത് നിയമസഭയിൽ അവതരിപ്പിച്ചിട്ടില്ല. ബില്ലിന് നിയമ പ്രാബല്യം കൈവന്നാൽ മാത്രമേ നദീ-തണ്ണീർത്തട അതോറിറ്റി രൂപീകരിക്കുവാനും ഇതിന്റെ കീഴിൽ 'പെരിയാർ നദീതട അതോറിറ്റി' രൂപീകരിക്കുവാനും കഴിയുകയുള്ളൂ.

( 27-8-2014 -ലെ സമിതിയോഗം ഗവൺമെന്റ് മറുപടി അംഗീകരിച്ചു.)

തിരുവനന്തപുരം,
2015 നവംബർ 25.

സി. പി. മുഹമ്മദ്,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*